# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 215 | 17/8/2017 -ലെ മറുപടി

## ജലനിധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ<br>ശ്രീ. എ.എം.ആരിഫ്<br>ശ്രീ. വി.കെ.സി.മമ്മത് കോയ<br>ശ്രീ. എ.എൻ.ഷംസീർ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജലനിധി രണ്ടാംഘട്ടത്തിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | (എ) ജലനിധി രണ്ടാം ഘട്ടത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ പങ്കാളിത്തത്തോടെ ഒന്നിലധികം പഞ്ചായത്തുകൾക്കുള്ള 4 സമഗ്ര പദ്ധതികളും ബൾക്ക് സപ്ലൈ അടിസ്ഥാനത്തിൽ 12 പദ്ധതികളുമാണ് ജല അതോറിറ്റി നടപ്പാക്കുന്നത്. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| 1. കേരള വാട്ടർ അതോറിറ്റിയുടെ പങ്കാളിത്തതോടെ നിർവ്വഹിക്കുന്ന ഒന്നിലധികം പഞ്ചായത്തുകൾക്കുള്ള ശുദ്ധ ജല പദ്ധതികളുടെ പുരോഗതി | |
|---|---|
| 1. | തൃശ്ശൂർ ജില്ലയിലെ മാളയും അനുബന്ധ പഞ്ചായത്തുകളുമടങ്ങുന്ന 3219/- ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി – ജോലി പൂർത്തീകരിച്ചു. |
| 2. | മലപ്പുറം ജില്ലയിലെ ഉരകവും അനുബന്ധ പഞ്ചായത്തുകളുമടങ്ങുന്ന 1956/- ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - വൈദ്യുതി കണക്ഷൻ ഒഴികെയുള്ള മറ്റു ജോലികൾ 95% ത്തോളം പൂർത്തിയായി |
| 3. | മലപ്പുറം ജില്ലയിലെ ഒഴൂരും അനുബന്ധ പഞ്ചായത്തുകളുമടങ്ങുന്ന 3315/- ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - പദ്ധതി 50% ത്തോളം പൂർത്തിയായി. |
| 4. | എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരിയും അനുബന്ധ പഞ്ചായത്തുകളുമടങ്ങുന്ന 6000/- ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി – ആവശ്യമായ ഭൂമി ഏറ്റെടുത്ത് നൽകാത്തതിനാൽ പണികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. |

| | |
|---|---|
| | 2. കേരള വാട്ടർ അതോറിറ്റിയുടെ പങ്കാളിത്തതോടെ നിർവ്വഹിക്കുന്ന ഏക പഞ്ചായത്തിന് ബൾക്ക് വാട്ടർ നൽകുന്ന പദ്ധതികളുടെ പുരോഗതി |
| 1. | പനമരം പഞ്ചായത്തിനുള്ള 80 ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - പദ്ധതി ടെൻഡർ ചെയ്തു. |
| 2. | പൂതാടി പഞ്ചായത്തിനുള്ള 28 ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - പദ്ധതി ടെൻഡർ ചെയ്തു. |
| 3. | പുൽപ്പള്ളി പഞ്ചായത്തിനുള്ള 79 ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - ജോലി പൂർത്തീകരിച്ച ട്രയൽ റൺ ആരംഭിച്ചു. |
| 4. | കറ്റിപ്പുറം പഞ്ചായത്തിനുള്ള 10 ലക്ഷം രൂപ യുടെ ശുദ്ധജല പദ്ധതി - ജോലി പൂർത്തീകരിച്ച കുടിവെള്ളം വിതരണം ആരംഭിച്ചു. |
| 5. | ഇരിക്കൂർ പഞ്ചായത്തിനുള്ള 6.85 ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - ജോലി പൂർത്തീകരിച്ച കുടിവെള്ളം വിതരണം ആരംഭിച്ചു. |
| 6. | കടപ്ലാമറ്റം പഞ്ചായത്തിനുള്ള 1.27 ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - ജോലി പൂർത്തീകരിച്ച കുടിവെള്ളം വിതരണം ആരംഭിച്ചു. |
| 7. | ചോക്കാട് പഞ്ചായത്തിനുള്ള 76.5 ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - 95% പുരോഗതി ആയിട്ടുണ്ട്. |
| 8. | അയ്യനം പഞ്ചായത്തിനുള്ള 1.8 ലക്ഷം രൂപ യുടെ ശുദ്ധജല പദ്ധതി - ജല സംഭരണി യുടെ നിർമ്മാണം കോൺട്രാക്ടർ നിർത്തിവ ച്ചിരിക്കുന്നു. നിർമ്മാണം പുനരാരംഭിക്കാ നുള്ള നടപടികൾ എടുത്തുവരികയാണ്. |
| 9. | റാന്നി പഞ്ചായത്തിനുള്ള 3.4 ലക്ഷം രൂപ യുടെ ശുദ്ധജല പദ്ധതി - വാട്ടർ അതോറിറ്റി യുടെ മേൽനോട്ടത്തിൽ ജലനിധി നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത് പണി തുടങ്ങിയിട്ടുണ്ട്. |
| 10. | ചക്കിട്ടപ്പാറ പഞ്ചായത്തിനുള്ള 359 ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - സാങ്കേതികാനുമതി നല്കിയിട്ടുണ്ട്. |
| 11. | ചോറോട് പഞ്ചായത്തിനുള്ള 679 ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - സാങ്കേതി കാനുമതി ലഭിച്ചിട്ടുണ്ട്. |

| | |
|---|---|
| 12. | കുരുപ്പട പഞ്ചായത്തിനുള്ള 1.7 ലക്ഷം രൂപയുടെ ശുദ്ധജല പദ്ധതി - ജോലി പൂർത്തീകരിച്ചു കുടിവെള്ളം വിതരണം ആരംഭിച്ചു |

കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി മുഖേന ജലനിധി രണ്ടാംഘട്ടത്തിൽ 119 പഞ്ചായത്തുകളിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2012-18 കാലയളവിൽ പരമാവധി 200 ഗ്രാമപഞ്ചായത്തുകളിൽ 1358 കോടി രൂപയുടെ പുതുക്കിയ അടങ്കൽ തുകയിൽ ജനകീയ പങ്കാളിത്തത്തോടെ ഉദ്ദേശം 13.8 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളവും 3.7 ലക്ഷത്തോളം ജനങ്ങൾക്ക് ശുചിത്വ സൗകര്യങ്ങളും ഒരുക്കുവാനാണ് ജലനിധി രണ്ടാം ഘട്ട ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതി പ്രകാരം 31/7/2017 വരെ 2167 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുകയും 1504 എണ്ണം കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ വില നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) 25/9/2014-ലെ സ.ഉ. (എം.എസ്) നമ്പർ 88/2014/ജവിവ പ്രകാരം 1000 ലിറ്ററിന് 6/- രൂപ പ്രകാരമാണ് കേരള വാട്ടർ അതോറിറ്റി ബൾക്ക് വാട്ടർ നൽകുന്നത്.

ജലനിധി പദ്ധതി പൂർത്തിയായിക്കഴിഞ്ഞാൽ ഗുണഭോക്തൃ സമിതികളാണ് പദ്ധതിയുടെ പ്രവർത്തനവും പരിപാലനവും നടത്തുന്നത്. ഇതിനാവശ്യമായ ചെലവുകൾ പൂർണ്ണമായും ഗുണഭോക്തൃ കുടുംബങ്ങളാണ് വഹിക്കേണ്ടത്. ഓരോ മാസവും വരുന്ന മൊത്തം പ്രവർത്തന/പരിപാലന ചെലവുകൾ കണക്കാക്കിയാണ് ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണത്തിനനുസരിച്ച് സമിതികൾ പ്രതിമാസ കുടിവെള്ള ചാർജ്ജ് നിർണ്ണയിക്കുന്നത്.

| | | |
|---|---|---|
| (സി) | ശുദ്ധീകരണ ശാലകളുടെ അഭാവത്തിൽ, ജലനിധി പദ്ധതി പ്രകാരവും മറ്റു ഗ്രാമീണ കുടിവെള്ള പദ്ധതികൾക്ക് കീഴിലും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗം വ്യക്തമാക്കാമോ? | (സി) ജല അതോറിറ്റിയുടെ കീഴിലുള്ള ശുദ്ധ ജല വിതരണ പദ്ധതികളിൽ ശുദ്ധീകരണശാലകൾ ഇല്ലാത്ത പദ്ധതികൾക്ക് ഇൻഫിൽട്രേഷൻ ഗാലറി ഉപയോഗിച്ച് പ്രാഥമിക ശുദ്ധീകരണം നടത്തിവരുന്നു. കൂടാതെ എല്ലാ പദ്ധതികളിലും ക്ലോറിൻ (ബ്ലീച്ചിംഗ് പൗഡർ) ഉപയോഗിച്ച് അണുവിമുക്തമാക്കി വിതരണം ചെയ്തുവരുന്നു. കൂടാതെ ജല അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ ലാബുകൾ വിതരണം ചെയ്യുന്ന ജലത്തിന്റെ ഭൗതിക, രാസപരിശോധനകളും അണുക്കൾ സംബന്ധിച്ച പരിശോധനകളും നടത്തിവരുന്നു.<br>ജലനിധി കുടിവെള്ള വിതരണ പദ്ധതികളിൽ എല്ലാം തന്നെ വാട്ടർ ക്വാളിറ്റി ടെസ്റ്റുകൾ നടത്തുന്നുണ്ട്. ഗുണനിലവാര പ്രശ്നങ്ങൾ ഉള്ള സ്കീമുകളിൽ വാട്ടർ ട്രീറ്റ്മെന്റ് ഫിൽട്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്. 107 സ്കീമുകളിൽ വാട്ടർ ട്രീറ്റ്മെന്റ് ഫിൽട്ടറുകൾ ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്. |

Reelb

സെക്ഷൻ ഓഫീസർ